പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 3976 15.03.2017 - ൽ മറുപടിക്ക്

## സഹകരണബാങ്കിലെ സാമ്പത്തിക ക്രമക്കേട്

**ചോദ്യം**

**ശ്രീ.അൻവർ സാദത്ത്**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**

**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഹരിപ്പാട് മുട്ടം വലിയകുഴി സർവ്വീസ് സഹകരണബാങ്കിലെ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്; എത്ര രൂപയുടെ ക്രമക്കേടാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്; | (എ) | വലിയകുഴി സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2259 ൽ നടന്ന സാമ്പത്തിക തിരിമറി സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ട്. 5,31,65,353/-രൂപയുടെ അപഹരണവും സാമ്പത്തിക ക്രമക്കേടുകളും ബാങ്കിൽ നടന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ക്രമക്കേടിന് ഉത്തരവാദികൾ ആരൊക്കെയാണ് എന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയത്;വിശദമാക്കാമോ; | (ബി) | ബാങ്കിൽ നടന്ന ക്രമക്കേടുകൾക്ക് അക്കൗണ്ടന്റ് ശ്രീ.കെ.ബി.ഷിഹാദ്, ബാങ്ക് സെക്രട്ടറി ശ്രീ.മനോഹരൻ.ഡി, ജൂനിയർ ക്ലാർക്ക് ശ്രീമതി.ശ്രീലത.ആർ, സീനിയർ ക്ലാർക്ക് ശ്രീമതി.രജനി.എസ് എന്നിവരും കൂടാതെ ഇക്കാലയളവിലെ ഭരണസമിതി |

| | | | |
|---|---|---|---|
| | | | അംഗങ്ങളുമാണ് ഉത്തരവാദികൾ എന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ബാങ്കിന് നഷ്ടപ്പെട്ട തുക ഇവരിൽ നിന്ന് ഈടാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത്; | (സി) | ബാങ്കിന് നഷ്ടപ്പെട്ട തുക ഉത്തരവാദികളിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| (ഡി) | ഇവർക്കെതിരെ ക്രിമിനൽകേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;ഇല്ലെങ്കിൽ അതിനുളള നടപടി സ്വീകരിക്കുമോ? | (ഡി) | ഇവർക്കെതിരെ കരീലകുളങ്ങര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1615/2015 നമ്പരായി പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**